
# C.M.S. L.P.S. ANICKAD

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# നിറവ്



# ആമുഖം

കോട്ടയം താലൂക്കിൽ പനച്ചിക്കാട് പഞ്ചായത്തിൽ X-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു വിദ്യാലയമാണ് ആനിക്കാട് സി.എം.എസ്. എൽ.പി. സ്കൂൾ. ജാതി-മത ഭേദമെന്യേ സാർവത്രിക വിദ്യാഭ്യാസം ലക്ഷ്യമാക്കി അവികസിതങ്ങളായി തുടരുന്ന പ്രദേശങ്ങളിൽ ആണ്ടുകൾക്ക് മുമ്പ് സുവിശേഷത്തിന്റെ കൈത്തിരി തെളിയിക്കുവാൻ ആംഗലേയ മിഷണറിമാർക്ക് സാധിച്ചതിന്റെ സാക്ഷാത്കാരമാണ് ഈ സ്ഥാപനം. ഇതിനെ - പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സി.എം.എസ് മാനേജ്മെന്റ് ശ്രമിച്ചിട്ടുണ്ട്. എന്നാൽ ആധുനിക കാലഘട്ടത്തിന് അനുയോജ്യമായിത്തീരുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയാണ്.

1905-ൽ സ്ഥാപിതമായ ഈ വിദ്യാലയം പനച്ചിക്കാട് പഞ്ചായത്തിലെ പ്രഥമ വിദ്യാലയമാണ്. കാലാകാലങ്ങളിൽ പതിനായിരങ്ങൾക്ക് അറിവ് പകരുന്നതിന് ഈ വിദ്യാലയം മുഖാന്തരമായിട്ടുണ്ട്. ധാരാളം കുട്ടികൾ ഇവിടെ പഠനം നടത്തി വരുന്നു. പിൽക്കാലത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ കടന്നുകയറ്റം മൂലം കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു. ഇത് സ്കൂളിന്റെ നിലനിൽപ്പിനെ തന്നെ ബാധിച്ചു. വളരെയധികം പരിമിതികൾ നിലനിൽക്കെ അക്കാദമിക പ്രവർത്തനങ്ങളിൽ

വളരെ ശ്രദ്ധ ചെലുത്തുന്നതിന് സ്കൂൾ അധികൃതർ ശ്രമിക്കുന്നുണ്ട്.

| വിഭാഗം | കുട്ടികളുടെ എണ്ണം | ക്ലാസ് മുറികളുടെ എണ്ണം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താത്കാലിക നിയമനം |
|---|---|---|---|---|---|
| L.P | 7 | 3 | 2 | 1 | 1 |

1 മുതൽ 4 വരെ ക്ലാസുകളിലായി 7 കുട്ടികൾ പഠിക്കുന്നു. [I - 2, II - 2, III - 0, IV - 3] 2 അധ്യാപകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 1,2 ക്ലാസുകളിൽ shift സമ്പ്രദായം തുടരുകയാണ്. PTA യുടെ സഹായത്തോടെ പ്രീ പ്രൈമറി പ്രവർത്തിച്ചു വരുന്നു.

# വിദ്യാലയം - അവസ്ഥാ വിശകലനം

കോട്ടയം ജില്ലയിൽ പള്ളിക്കത്തോട് പഞ്ചായത്തിൽ 10-ാം വാർഡിൽ നെടുമാവ് എന്ന സ്ഥലത്ത് സ്കൂൾ സ്ഥിതിചെയ്യുന്നു. ഇത് കോട്ടയം താലൂക്കിൽ പെട്ടതാണ്. കോട്ടയം-തേനി റോഡ് ഈ സ്കൂളിന്റെ സമീപത്തു സ്ഥിതി ചെയ്യുന്നു. 1998-ൽ CORPED-ന്റെ സഹായത്തോടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി. കാലാനുസൃതമായി പ്രവർത്തനങ്ങൾ നടത്തി വരുന്നു. പരിമിതികൾ ഏറെയുണ്ടെങ്കിലും ഈ സ്കൂൾ നില നിൽക്കേണ്ടത് ഈ പ്രദേശത്തെ സാധാരണക്കാരായ ജനങ്ങളുടെ ഒരു ആവിശ്യമാണ്.

# 2025- 2026 അക്കാദമിക വർഷത്തിൽ കുട്ടികളുടെ എണ്ണം

| | I | | II | | III | | IV | | TOTAL |
|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | |
| കുട്ടികളുടെ എണ്ണം | - | 2 | 2 | - | - | - | - | 3 | |
| ആകെ | 2. | | 2 | | 0 | | 3 | | 7 |

1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളിൽ 75% നും മുകളിൽ മികച്ച പഠനനിലവാരം പുലർത്തുന്നു. പുസ്തകങ്ങൾ വായിക്കുന്നതിനും എഴുതുന്നതിനും കുട്ടികൾ ശേഷികൾ നേടിയിട്ടുണ്ട്. സബ്ജില്ലാതല പ്രവൃത്തിപരിചയ മേളയിലും കലാമേളയിലും അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുന്നതിനും കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. എല്ലാ കാര്യങ്ങളിലും PTA യുടെ പിന്തുണയും ലഭിച്ചു വരുന്നു.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ, പരിമിതികൾ.

അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടക്കുന്നുവെങ്കിലും ചില പരിമിതികൾ സ്കൂൾ നേരിടുന്നുണ്ട്.

- മികച്ച ഒരു സ്മാർട്ട് ക്ലാസ്റൂം അടങ്ങിയ സ്കൂൾ കെട്ടിടം.
- ക്ലാസ് മുറികളിലേക്കാവശ്യമായ ബെഞ്ച്, ഡസ്ക്, കസേരകൾ മുതലായവ പരിമിതമാണ്.
- എല്ലാ ക്ലാസുകളിലേക്കും ആവശ്യമായ കമ്പ്യൂട്ടർ പ്രൊജക്ടർ എന്നിവ ആവശ്യമാണ്.
- Girl friendly Toilet ആവശ്യമാണ്.
- ആധുനിക സൗകര്യങ്ങളോടുകൂടിയ കഞ്ഞിപ്പുര ആവശ്യമാണ് കൂടാതെ ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനു വേണ്ട ഒരു Dining hall ഇല്ല.
- കായിക പരിശീലനം നൽകുന്നതിനാവശ്യമായ ഉപകരണങ്ങൾ ഇല്ല.

# കാഴ്ചപ്പാട്

കേരള സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കപ്പെട്ടിരിക്കുന്നതാണ് ഈ മാസ്റ്റർ പ്ലാൻ. ലഭ്യമായ ഭൗതിക സാഹചര്യങ്ങൾ മാനുഷിക വിഭവ ശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ തുടങ്ങിയവ ഫലപ്രദമായി വിനിയോഗിച്ച് വിദ്യാർത്ഥികൾക്ക് സൗകര്യ പ്രദവും സുരക്ഷിതവും സ്വതന്ത്രവും ശിശു സൗഹൃദ പരവുമായ അന്തരീക്ഷം ഒരുക്കിക്കൊണ്ട് മികവുറ്റ വിദ്യാഭ്യാസം ലഭ്യമാക്കുന്നു. അങ്ങനെ അടുത്ത 5 വർഷങ്ങൾ കൊണ്ട് വിദ്യാലയത്തിന്റെ പോരായ്മകൾ പരിഹരിച്ച് മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. പൊതു സമൂഹത്തെ പൊതു വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുക എന്നൊരു വലിയ ലക്ഷ്യമാണ് നമുക്ക് മുന്നിലുള്ളത്. ആ ലക്ഷ്യ സാക്ഷാത്കാരത്തിന് ഈ മാസ്റ്റർ പ്ലാൻ കാരണമായി തീരും എന്ന ശുഭ പ്രതീക്ഷയോടെ സമർപ്പിക്കുന്നു.

# പൊതു ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും മലയാളം ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
- ആശയ വിനിമയ ശേഷി നേടുക.
- സാഹിത്യ അഭിരുചി വളർത്തുക.
- കുട്ടി സാഹിത്യകാരന്മാരെ വളർത്തിയെടുക്കുക.
- ആശയാവിഷ്കാരത്തിനുള്ള അവസരം നൽകുക.
- എല്ലാ കുട്ടികളെയും ഗണിതത്തിൽ ഉന്നതനിലവാരത്തിൽ എത്തിക്കുക.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് കുട്ടിയെ വളർത്തുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ശാസ്ത്രാവബോധം കുട്ടികളിൽ വളർത്തിയെടുക്കുക
- ശാസ്ത്രീയ രീതികൾ സ്വായത്തമാക്കുന്നതിനുള്ള അനുഭവമൊരുക്കുക.
- പരിസ്ഥിതി സംരക്ഷണത്തിന്റെ ആവിശ്യകതയെക്കുറിച്ച് ബോധവാന്മാരാകുക.
- കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക.
- ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ പരിചയപ്പെടുക

- ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക
- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- എല്ലാകുട്ടികളിലും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പു വരുത്തുക.
- കുട്ടിയുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിനനുഗുണമായ പഠന പരിസരവും ഭൗതിക പശ്ചാത്തലവും വികസിപ്പിക്കുക.
- സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കുക.
- ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തുക.
- സമൂഹത്തിന്റെ സജീവ പങ്കാളിത്തം എല്ലാതലത്തിലും ഉറപ്പാക്കുക.
- പൊതു സമൂഹത്തെ വിദ്യാലയത്തിലേക്കാകർഷിക്കുക.

സി.എം.എസ്. എൽ. പി. സ്കൂൾ ആനിക്കാട്
2024 - 2025 അധ്യയന വർഷത്തിൽ
അക്കാദമിക നിലവാരം ഉയർത്താനായി
ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

## ഭാഷ

▸ കുട്ടിയെ മികച്ച വായനക്കാരനാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

ഹ്രസ്വകാല പ്രവർത്തനങ്ങൾ

* അക്ഷരം ഉറപ്പിക്കൽ
* അടയാളം ഉറപ്പിക്കൽ
* അക്ഷരകാർഡ് നിർമ്മാണം
* പദകാർഡ് നിർമ്മാണം
* വാക്യ നിർമാണം.

മധ്യകാല പ്രവർത്തനങ്ങൾ

▸ ചിത്രം, അടിക്കുറിപ്പ് തയ്യാറാക്കൽ
കഥ പറയൽ, കഥ എഴുതൽ
വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ.

## ദീർഘകാല പ്രവർത്തനങ്ങൾ

* ക്ലാസ്റൂം വായനാമൂലം ക്രമീകരിക്കുക.
* വായനാമൂല, ക്ലാസ് ലൈബ്രറി.
* സ്കൂൾ ലൈബ്രറി നവീകരണം.
* വായനോത്സവം സംഘടിപ്പിക്കൽ
* പത്രവായന, പത്രവാർത്താ ബോർഡുകൾ.
* പതിപ്പുകൾ തയ്യാറാക്കൽ
* വിദ്യാരംഗം കലാ സാഹിത്യവേദി
* ദിനാചരണങ്ങൾ
* ആനുകാല പ്രസിദ്ധീകരണങ്ങളും വായനയും
* പുസ്തകം ഒരുക്കൽ.

## ഗണിതം

* ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നതിന്.
* എല്ലാ കുട്ടികളെയും ഗണിതത്തിൽ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന്.

### ഹ്രസ്വകാല പ്രവർത്തനങ്ങൾ

* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കാ
* സംഖ്യാകാർഡ് നിർമാണം.
* ഗണിത ക്രിയകൾ.

## മധ്യകാല പ്രവർത്തനങ്ങൾ

- ഗണിതം മധുരം [ഗണിതവുമായി ബന്ധപ്പെട്ട രസകരമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക]
- ഗണിത ജാലകം.
- ഭാരതീയ ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ

## ദീർഘകാല പ്രവർത്തനങ്ങൾ

- കുസൃതി കണക്കുകൾ തയ്യാറാക്കൽ കണ്ടെത്തൽ
- രൂപങ്ങൾ വരയ്ക്കൽ നിറം കൊടുക്കൽ
- പഠനോപകരണ നിർമ്മാണം.
- ഗണിത ക്വിസ് ബോർഡ്.
- ഗണിത ക്ലബ്ബ്, ഗണിതലാബ്, ഗണിത മാഗസിൻ.

## പരിസരപഠനം

- ശാസ്ത്രാവബോധം കുട്ടികളിൽ വളർത്തിയെടുക്കൽ
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുന്നതിനുള്ള അനുഭവമൊരുക്കൽ
- പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കൽ

- ശാസ്ത്ര രംഗത്തെ നൂതനാശയങ്ങളെ പരിചയപ്പെടുത്തുക.

## ഹ്രസ്വകാല പ്രവർത്തനങ്ങൾ

- ശാസ്ത്ര ക്വിസുകൾ നടപ്പാക്കൽ
- ശാസ്ത്ര പ്രദർശനങ്ങൾ
- ലഘു പരീക്ഷണശാല
- ശാസ്ത്രോപകരണ നിർമ്മാണം.
- ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം ആചരിക്കൽ
- വിദ്യാലയ കെട്ടിടങ്ങളുടെ ചുവരുകൾ പഠനമൂല്യമുള്ളതാക്കൽ.

## മധ്യകാല പ്രവർത്തനങ്ങൾ

- ശാസ്ത്രലാബ്
- ശാസ്ത്ര മാഗസിൻ
- പ്രകൃതി പഠനയാത്രകൾ
- ശുചിത്വ ക്യാമ്പസ് നിർമ്മാണം
- കൃഷി പതിപ്പുകൾ തയ്യാറാക്കൽ

## ദീർഘകാല പ്രവർത്തനങ്ങൾ

- ഹരിത വിദ്യാലയം.
- ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം.
- കൃഷി സാധ്യതകൾ തിരിച്ചറിയൽ, പ്രയോഗിക്കൽ.

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉല്പന്നങ്ങളോ ഉണ്ടാക്കുവാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയ പഠനവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക.

### പ്രവർത്തനങ്ങൾ

* Teaching aid workshop
* പാഴ് വസ്തുക്കൾ ശേഖരിക്കൽ ഉല്പന്നങ്ങൾ നിർമ്മിക്കൽ
* കൗതുക വസ്തുക്കൾ നിർമ്മാണം.
* കളിപ്പാട്ട നിർമ്മാണം.

## കലാപരിശീലനം

### ലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗ്ഗാത്മ പരമായ കഴിവുകൾ കണ്ടെത്തുക.
* കലാ അഭിരുചി വളർത്തുക.
* കലാപരമായ കഴിവുകൾ - പ്രദർശന അവസരമൊരുക്കൽ.

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

- എല്ലാകുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടികൾക്കും അവസരങ്ങൾ ഉറപ്പാക്കുക.

## പ്രവർത്തനങ്ങൾ

- ചിട്ടയായ വ്യായാമം
- Sports and games.
- എയ്റോബിക് പരിശീലനം
- നാടൻ കളികൾ, പാരമ്പര്യ കളികൾ പരിചയപ്പെടൽ
- യോഗാ പരിശീലനം.

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലന പരിപാടി.

## ലക്ഷ്യങ്ങൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാകുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക.
- ഈ വിഭാഗം കുട്ടികൾക്ക് ശാരീരികവും മാനസികവും വികാസത്തിനും അനുരൂപീകരിച്ച സൂക്ഷ്മതല

പ്രക്രിയ തയ്യാറാക്കി ട്രൈ ഔട്ട് ചെയ്തു മെച്ചപ്പെടുത്തുക.

## ഭൗതിക വികസന ആസൂത്രണരേഖ

### ലക്ഷ്യങ്ങൾ.

- കുട്ടിയുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് അനുഗുണമായ പഠന പരിസരവും ഭൗതിക പശ്ചാത്തലവും വികസിപ്പിക്കുക.
- സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കുക.
- ശുചിത്വ പൂർണ്ണവും ആരോഗ്യകരവും ഹരിതാഭവുമായ വിദ്യാലയ കാമ്പസ്.
- ജനാധിപത്യ വിദ്യാലയം, സാർത്ഥകമാകാരു വത്താവിന്യമായ രൂപഘടനയോടു കൂടിയ ക്ലാസ് മുറി.

### പ്രവർത്തനങ്ങൾ

- ഹരിത പരിസരം ഉറപ്പിക്കൽ
  - ജൈവ വൈവിധ്യ പാർക്ക്
  - വൃക്ഷ വത്ക്കരണം.
  - ശലഭോദ്യാനം.
  - ജൈവ കൃഷിത്തോട്ടം.
  - മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കൽ.

- സൗന്ദര്യ വത്ക്കരണം.
  - പൂന്തോട്ടം.
  - കുട്ടികളുടെ പാർക്ക്
  - ചുറ്റുമതിൽ - പുറം ഭിത്തിയും അകം ഭിത്തിയും ആകർഷകമാക്കൽ

## സമൂഹ ബന്ധ ആസൂത്രണ രേഖ

ലക്ഷ്യങ്ങൾ.

- അക്കാദമിക വികസന രേഖയ്ക്കനുസൃതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന ഘട്ടത്തിൽ സമൂഹത്തിന്റെ സജീവ പങ്കാളിത്തം എല്ലാ തലത്തിലും ഉറപ്പാക്കുക.
- തദ്ദേശ ഭരണസ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവയ്ക്കായുള്ള സ്കൂളിന്റെ ബന്ധം ശക്തിപ്പെടുത്തുക.
- പൊതു സമൂഹത്തെ വിദ്യാലയത്തിലേയ്ക്ക് ആകർഷിക്കുക.

പ്രവർത്തനങ്ങൾ.

- പ്രവേശനോത്സവം
- പി.ടി.എ യോഗങ്ങൾ
- കോർണർ പി.ടി.എ യോഗങ്ങൾ
- ദിനാചരണങ്ങൾ സാമൂഹ്യ പങ്കാളിത്തത്തോടെ നടത്തുക.

- പുതുവർഷം പുസ്തക വർഷം.
- വായനക്കൊരു വാർഷിക പദ്ധതി.
- ആലോചനങ്ങൾ സമൂഹത്തിലേയ്ക്ക്.

## ഭൗതിക സാഹചര്യങ്ങൾ.

- പാഠ്യ പദ്ധതി വിനിമയത്തിന് ആവശ്യത്തിന് സകല സൗകര്യമുള്ള ക്ലാസ്സ് മുറി.
- വിവിധോദ്ദേശ ഹാളുകൾ
- പ്രധാനാധ്യാപക റൂം ഓഫീസ്
- സ്റ്റാഫ് റൂം.
- ലൈബ്രറി, ലാബുകൾ
- കമ്പ്യൂട്ടർ ലാബ്
- സ്കൂൾ മ്യൂസിയം, ഗാലറി.
- കായിക വിദ്യാഭ്യാസത്തിനാവശ്യമായ മൈതാനം
- ഉച്ചഭക്ഷണ വിതരണത്തിനുള്ള ഡൈനിംഗ് ഹാൾ

## മേഖല : ടാലന്റ് ലാബ്.

### ലക്ഷ്യങ്ങൾ

- ഓരോ കുട്ടിയുടെയും അന്തർലീനമായുള്ള വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തുക
- കണ്ടെത്തിയ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- കുട്ടിയുടെ കഴിവിന്റെ സമസ്ത രേഖകളുടെയും വിശകലനം.
- ഓരോ വിദ്യാർത്ഥിയുടെയും സവിശേഷവും സർഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കുക.

### പ്രക്രിയ

ടാലന്റുകളുടെ ലിസ്റ്റ് തയ്യാറാക്കൽ

- ചിത്രരചന
- സംഗീതം
- പ്രസംഗം
- ക്രാഫ്റ്റ് വർക്ക്
- കളിമൺ രൂപസമിതി

- കഥാ രചന
- കവിതാ രചന
- കഥ പറയൽ
- അഭിനയം
- ശാസ്ത്ര പരീക്ഷണങ്ങൾ
- ഗണിത ക്രിയകൾ
- കൃഷി
- പൂന്തോട്ട പരിപാലനം
- സ്പോർട്ട്സ്
- പാറ്റേൺ നിർമ്മാണം
- ഡാൻസ്

മേഖല - അക്കാദമികം

ഉപമേഖല - മലയാളം ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. എല്ലാ കുട്ടികൾക്കും മലയാളം ഭാഷ ഫലപ്രദമായി വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുന്നതിന്. | • അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കുക.<br>• ചിത്രം - അടിക്കുറിപ്പ് തയ്യാറാക്കൽ<br>• ചിത്രം കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ | മാസം | ക്ലാസ് അധ്യാപകർ | |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | • ക്ലാസ് വായനാക്കൂട്ടം<br>• വായന മൂല, ക്ലാസ് ലൈബ്രറി.<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ | | | |

| | | | | |
|---|---|---|---|---|
| | • വായനോത്സവം സംഘടിപ്പിക്കൽ<br>• പത്രവായന<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• വായനാക്കുറിപ്പ് പതിപ്പ്.<br>• വിദ്യാരംഗം കലാ സാഹിത്യ വേദി.<br>• ദിനാചരണങ്ങൾ<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>• പുസ്തകം ഒരുക്കൽ<br>• പതിപ്പുകൾ തയ്യാറാക്കൽ | | 5 മാസം | ക്ലാസ്സധ്യാപകർ. |

മേഖല : അക്കാദമികം.　　　　ഉപമേഖല : ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1 ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുന്നതിന്. | • ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിന്<br>• സംഖ്യാ കാർഡ് നിർമ്മാണം.<br>• അക്കങ്ങൾ സ്ഥാനവിലയ്ക്ക് അനുസരിച്ച് ക്രമീകരിച്ച് സംഖ്യകൾ ഉണ്ടാക്കുന്നു<br>• പാട്ടുകൾ തയ്യാറാക്കൽ<br>• കുസൃതി കണക്കുകൾ<br>• രൂപങ്ങൾ വരയ്ക്കൽ നിറം കൊടുക്കൽ<br>• രൂപങ്ങൾ നിർമ്മിക്കൽ | 3 മാസം | അധ്യാപകർ രക്ഷിതാക്കൾ. | |
| 2. എല്ലാ കുട്ടികളെയും ഗണിതത്തിൽ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന് | • കുസൃതികണക്കുകൾ കണ്ടെത്താൻ<br>• ഗണിത ക്വിസ് ബോക്സ്. | | | |

| | | | | |
|---|---|---|---|---|
| | • ഗണിത ക്ലബ്ബ്<br>• ഗണിത ലാബ്<br>• മാഗസിൻ | | | |
| • ഗണിതത്തെ ജീവിത-വുമായി ബന്ധപ്പെടുത്തുക. | • ഗണിത ജാലകം<br>• ഗണിത മധുരം<br>• ഭാരതീയ ഗണിത ശാസ്ത്രജ്ഞന്മാരെ കണ്ടെത്തൽ | ഹ്രസ്വകാലം | ക്ലാസ്സ് അധ്യാപകർ രക്ഷിതാക്കൾ. | |

| മേഖല: അക്കാദമികം | | ഉപമേഖല: പരിസര പഠനം. | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| 1 ശാസ്ത്രാവബോധം കുട്ടികളിൽ വളർത്തിയെടുക്കൽ<br>ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവമൊരുക്കൽ<br>കുട്ടിശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കൽ | • ശാസ്ത്ര ക്വിസുകൾ<br>• ശാസ്ത്ര പ്രദർശനങ്ങൾ<br>• ലഘു പരീക്ഷണങ്ങൾ<br>• ശാസ്ത്രോപകരണ നിർമാണം<br>• ശാസ്ത്രജ്ഞന്മാരുടെ ജന്മദിനാചരണങ്ങൾ<br>• ശാസ്ത്ര മാഗസിനുകൾ തയ്യാറാക്കൽ<br>• സയൻസ് കോർണർ | ഹ്രസ്വകാലം | അധ്യാപകർ. | |
| 2. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കൽ | • പ്രകൃതി പഠനയാത്ര<br>• ജൈവ വൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തുക<br>• പ്ലാസ്റ്റിക് ഉപയോഗത്തെ നിരുത്സാഹപ്പെടുത്തൽ<br>• ആരോഗ്യ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തനങ്ങൾ | ഹ്രസ്വകാലം | രക്ഷിതാക്കൾ | |

| OBJECTIVE | ACTIVITIES | TENSE | | SOURCE |
| --- | --- | --- | --- | --- |
| 1. To make children Interested in using English language. | • Communication english.<br>• English Assembly.<br>• English test<br>• Display Board.<br>• Skit and Roleplay.<br>• English club. | | Teachers. | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന് | • അക്ഷര കാർഡുകൾ<br>• വായനാ കാർഡുകൾ<br>• ചെറുകഥകൾ വായന<br>• ചിത്രം - കുറിപ്പ് തയ്യാറാക്കൽ | | | |
| 2. ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | • spoken English class<br>• അസംബ്ലിയിൽ English പ്രസംഗം | ഹ്രസ്വകാലം | അധ്യാപകർ<br>രക്ഷിതാക്കൾ | |
| 3. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക. | പത്രവാർത്ത, പ്രതിജ്ഞ | | | |
| 4 സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു. | | | | |

മേഖല : അക്കാദമികം

ഉപമേഖല : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. 2. പാഠ്യവസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക. 3. ഇതരവിഷയ പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | • Teaching aid workshop. • എല്ലാ പാഴ്‌വസ്തുക്കൾ ശേഖരിക്കൽ, ഉൽപന്നങ്ങൾ നിർമ്മിക്കൽ • കരകൗശല വസ്തുക്കൾ നിർമ്മാണം. • കളിപ്പാട്ട നിർമ്മാണം • work experience. | ഹ്രസ്വകാലം | അധ്യാപകർ രക്ഷിതാക്കൾ | S. S. A. |

മേഖല : അക്കാദമികം  ഉപമേഖല: കലാപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക. | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വ്യവഹാരരൂപങ്ങളുടെ അവതരണം.<br>• വ്യക്തിഗതമായ കഴിവുകൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | | രക്ഷിതാക്കൾ | പൂർവ വിദ്യാർത്ഥി സംഘടന. |
| 2 കലാ അഭിരുചി വളർത്തുക. | സാഹിത്യ സമാജം | ഹ്രസ്വകാലം. | | |
| 3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക. | ഡാൻസ് ക്ലാസ്സ്<br>ക്വിസ് തയ്യാറാക്കൽ | | | |

മേഖല: അക്കാദമികം.

ഉപമേഖല : പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലന പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക.<br>2. ഈ വിഭാഗം കുട്ടികൾക്ക് ക്ലാസിനും വിഷയത്തിനും അനുരൂപീകരിച്ച സൂക്ഷ്മതല പ്രക്രിയ തയ്യാറാക്കി പ്രിന്റ് ചെയ്തു മെച്ചപ്പെടുത്തുക.<br>3. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. | • കളിയിൽ അൽപം കാര്യം.<br>• ക്യാമ്പുകൾ സംഘടിപ്പിക്കൽ<br>• റിസോഴ്സ് അധ്യാപകരുടെ ഇടപെടൽ വിനിയോഗിക്കൽ | ഹ്രസ്വകാലം | അധ്യാപകർ<br>BRC Trainers | BRC Teachers. |

| മേഖല : ഭൗതികം | ഉപമേഖല: സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1. കുട്ടിയുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് അനുഗുണമായ പഠന പരിസരവും ഭൗതിക പശ്ചാത്തലവും വികസിപ്പിക്കുക. | • ഹരിത പരിസരം ഉറപ്പാക്കൽ<br>• ജൈവവൈവിധ്യ പാർക്ക്<br>• വൃക്ഷവത്കരണം<br>• ശലഭോദ്യാനം.<br>• ജൈവ കൃഷിത്തോട്ടം | | അധ്യാപകർ | പൂർവ വിദ്യാർത്ഥികൾ |
| 2. സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കുക.<br>3. ശുചിത്വപൂർണവും ആരോഗ്യകരവും ഹരിതാഭവുമായ കാമ്പസ്.<br>4. ജനാധിപത്യ വിദ്യാഭ്യാസം സാർത്ഥമാക്കാൻ അവശ്യമായ രൂപഘടനയോടുകൂടിയ ക്ലാസ്മുറി.<br>5. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്താവുന്ന ഹൈടെക് ക്ലാസ്മുറി. | സൗന്ദര്യവൽക്കരണം<br>പൂന്തോട്ടം<br>കുട്ടികളുടെ പാർക്ക്<br>ചുറ്റുമതിൽ<br>കെട്ടിടങ്ങളുടെ ചുമരുകൾ പഠനമൂല്യമുള്ളതാക്കൽ<br>ഭൗതിക സാഹചര്യം.<br>• സ്ഥലസൗകര്യമുള്ള ക്ലാസ്മുറി.<br>• സവിശേഷാവശ്യ മുറികൾ<br>• ലൈബ്രറി, ലാബുകൾ<br>• ഡൈനിംഗ് ഹാൾ | ദീർഘകാലം | രക്ഷിതാക്കൾ<br>പൂർവ വിദ്യാർത്ഥികൾ | രക്ഷിതാക്കൾ |

# ഉപസംഹാരം

കുട്ടി ആരോഗ്യത്തോടെ വളരുക, നല്ല നിലയിൽ പഠിക്കുക, മികവാർന്ന വ്യക്തിയായും സാമൂഹജീവിയായും വികസിക്കുക എന്നത് ഏത് രക്ഷിതാവിന്റെയും ആഗ്രഹവും ലക്ഷ്യവുമാണ്. വീട്ടിലും സ്കൂളിലുമായും ലഭിക്കുന്ന അനുഭവങ്ങളും പരിഗണനകളും നേരിടുന്ന വെല്ലുവിളികളും ഓരോ കുട്ടിയ്ക്കും വ്യത്യസ്തമാണ്. ഈ വ്യത്യസ്തതകൾ പരമാവധി പരിഗണിച്ച് ഓരോ കുട്ടികൾക്കും പഠനത്തിലൂടെ മികവാർന്ന രീതിയിൽ വളരുവാനും വികസിക്കുവാനുമുള്ള അവസരം ഒരുക്കപ്പെടണം. പൊതുവിദ്യാലയങ്ങൾ അതിനുതകും വിധം മികവിന്റെ കേന്ദ്രങ്ങളായി മാറ്റപ്പെടണം. അവയുടെ നഷ്ടപ്രതാപങ്ങൾ തിരിച്ചു പിടിക്കാനും ഉള്ള പ്രവർത്തന പദ്ധതികളാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. സാമൂഹ്യ പങ്കാളിത്തത്തോടെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അധ്യാപക രക്ഷാകർതൃ സമിതികൾ പൂർവ്വ വിദ്യാർത്ഥികൾ തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികൾ തുടങ്ങി പൊതുസമൂഹത്തിന്റെ എല്ലാം പിന്തുണയും ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് വേണ്ടിയിരിക്കുന്നു. അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന മുദ്രാവാക്യം മുൻ നിർത്തിയാണ് ഈ മാസ്റ്റർ പ്ലാൻ

തയ്യാറാക്കപ്പെട്ടിരിക്കുന്നത്. മികവുറ്റ അക്കാദമിക
പാഠങ്ങൾ ഇതിലൂടെ രൂപീകരിക്കപ്പെട്ടിരിക്കുന്നു.
പഠനത്തിനും മികവിനും തുല്യ അവസരവും ഉയർന്ന
തലത്തിലേക്ക് തനതായ കഴിവുകൾ ഉപയോഗിച്ച്
പറന്നുയരാനുള്ള സാഹചര്യങ്ങളും ഇതിലൂടെ
കുട്ടികൾക്ക് ഒരുക്കപ്പെട്ടിരിക്കുന്നു. അറിവിലും
ഗുണത്തിലുമുള്ള ഈ വ്യത്യസ്തകൾ പരമാവധി
പരിഗണിച്ച് ഓരോ കുട്ടിക്കും പഠനത്തിലൂടെ
മികവാർന്ന രീതിയിൽ വളരാനും വികസിക്കാനു
മുള്ള അവസരമൊരുക്കലാണ് പൊതു
വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഊന്നൽ
നൽകുന്നത്.